**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3696** | **14-07-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ക്ഷീരോൽപ്പാദന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (എ) | കുറ്റ്യാടി മണ്ഡലത്തിൽ (വേളം, കുറ്റ്യാടി, കുന്നുമ്മൽ, ആയഞ്ചേരി, മണിയൂർ, വില്യാപ്പള്ളി, തിരുവള്ളൂർ, പുറമേരി) തുടങ്ങിയ 8 പഞ്ചായത്തുകളിലായി 33 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കുറ്റ്യാടി മണ്ഡലത്തിൽ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിൽ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളും ത്രിതല പഞ്ചായത്ത് പദ്ധതികളും മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി പഞ്ചായത്തുകൾ തോറും നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീരകർഷകരെ ക്ഷീരമേഖലയിൽ തന്നെ നിലനിർത്തുന്നതിനായി പാലിന് സബ്സിഡി നൽകി വരുന്നു. കൂടാതെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പുതിയ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടിയും ചെയ്തു വരുന്നു. ആയതിലൂടെ പാലുല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. |

1.തോടന്നൂർ ബ്ലോക്കിലെ തിരുവള്ളൂർ, വില്യാപ്പള്ളി, ആയഞ്ചേരി, മണിയൂർ പഞ്ചായത്തുകളിൽ ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു.

| **പദ്ധതി** | **ചെലവഴിച്ച തുക 2020-21** | **ചെലവഴിച്ച തുക 2021-2022** |
|---|---|---|
| തീറ്റപ്പുൽ കൃഷി 2404-00-102-77 | 189500 | 248250 |
| മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം 2404-00-109-93 | 1044750 | 944750 |
| അസിസ്റ്റൻസ് ടു ഡയറി കോപ്പറേറ്റീവ് സൊസൈറ്റി | 128015 | 448000 |
| കാറ്റിൽഫീഡിംഗ് സബ്സിഡി | - | 100000 |

കൂടാതെ വിജ്ഞാന വ്യാപന പരിപാടിയിൽ ഉൾപ്പെടുത്തി 11,150 രൂപ ചെലവഴിച്ച് 2020-2021-ൽ കർഷക സമ്പർക്ക പരിപാടികളും ക്ഷീരകർഷക സംഗമവും 2021-22 ൽ 57,000 രൂപ ചെലവഴിച്ച് 5 കർഷക സമ്പർക്ക പരിപാടിയും ക്ഷീരകർഷക സംഗമവും നടപ്പാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ചെലവഴിച്ച ഫണ്ടും പദ്ധതികളും താഴെ ചേർക്കുന്നു.

| **പദ്ധതി** | **ചെലവഴിച്ച തുക 2020-21** | **ചെലവഴിച്ച തുക 2021-2022** |
|---|---|---|
| കാലിത്തീറ്റ സബ്സിഡി | 2800000 | 2968229 |
| ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 5929796 | 3011199 |
| സുഭിക്ഷ കേരളം | 275000 | - |
| ക്ഷീരഗ്രാമം | 770000 | - |
| കാലിത്തൊഴുത്ത് നവീകരണം | 300000 | - |

2) തൂണേരി ബ്ലോക്കിലെ പുറമേരി പഞ്ചായത്തിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷത്തിൽ 7,60,000 രൂപയും 2021-22 ൽ 9,00,000 രൂപയും നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | കൂടാതെ ക്ഷീര വികസന വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി വികസനം, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ഫണ്ട് എന്നീ പദ്ധതികളിലായി 2020-21 വർഷത്തിൽ 29,424 രൂപയും 2021-22 വർഷത്തിൽ 1,86,431 രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>3)കുന്നുമ്മൽ ബ്ലോക്കിലെ കുറ്റ്യാടി, വേളം, കുന്നുമ്മൽ പഞ്ചായത്തുകളിൽ ത്രിതല പഞ്ചായത്തുകളുടെയും ക്ഷീരവികസന വകുപ്പ് മുഖാന്തിരവും നടപ്പിലാക്കിയ പദ്ധതികളിലും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. |

| പഞ്ചായത്ത് | LSGD 2020-21 ചെലവഴിച്ച തുക | LSGD 2021-22 ചെലവഴിച്ച തുക | ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളിൽ ചെലവഴിച്ച തുക 2020-2021 | ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളിൽ ചെലവഴിച്ച തുക 2021-2022 |
|---|---|---|---|---|
| കുറ്റ്യാടി | 1119378 | 261159 | 252300 | 74000 |
| വേളം | 736272 | 1483840 | 82000 | 2615500 |
| കുന്നുമ്മൽ | 1511119 | 669205 | 158000 | 195000 |

LSGD പദ്ധതികളിലായി ആകെ 2020-21 വർഷത്തിൽ 3859069 (മുപ്പത്തിയെട്ട ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി അറുപത്തി ഒൻപത് രൂപയും) 2021-22 വർഷത്തിൽ 52,98,704/- (അൻപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി എഴുന്നൂറ്റി നാല് ) രൂപയും ചെലവഴിച്ചിട്ടുണ്ട്.

വകുപ്പ് പദ്ധതികളിലായി ആകെ 2020-21 വർഷത്തിൽ 492300 രൂപയും, 2021-2022 വർഷത്തിൽ 2884500 രൂപയും ചെലവഴിച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| (ബി) | കുറ്റ്യാടി മണ്ഡലത്തിലെ ക്ഷീരോല്പാദനത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ പുരോഗതി ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | പുരോഗതി ഉണ്ടായിട്ടുണ്ട്. 2020-21 വർഷത്തിൽ ആകെ 3353343 ലിറ്റർ പാലുല്പാദിപ്പിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 3694670 ലിറ്റർ പാലുല്പാദിപ്പിച്ചിട്ടുണ്ട്. 2021-22 ൽ 341327 ലിറ്റർ അധിക പാൽ ഉൽപ്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ